**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 777** **05.02.2020-ൽ മറുപടിയ്ക്ക്**

**പറമ്പിക്കുളം ആദിവാസി മേഖലയിലെ വീട് നിർമ്മാണം**

**ചോദ്യം**

**ശ്രീ.കെ. ബാബു**

**മറുപടി**

**എ.കെ.ബാലൻ**

**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പറമ്പിക്കുളം ആദിവാസി മേഖലയിലെ ഏതെല്ലാം കോളനികളിലുള്ളവർക്കാണ് പുതിയ വീട് നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | എ) | പറമ്പിക്കുളം ആദിവാസി മേഖലയിലെ അല്ലിമൂപ്പൻ കോളനി, 30 ഏക്കർ കോളനി, സുങ്കം കോളനി, കച്ചിത്തോട് കോളനി, കുരിയാർകുറ്റി കോളനി, എർത്ത് ഡാം കോളനി, കടവ് കോളനി, പൂപ്പാറ കോളനി എന്നീ കോളനികളിലുള്ളവർക്ക് പുതിയ വീടിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. |
| ബി) | ഇത്തരത്തിൽ ഫണ്ട് അനുവദിക്കപ്പെട്ട വീടുകളുടെ നിർമ്മാണ പ്രവൃത്തി തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | ബി) & സി) | എർത്ത് ഡാം കോളനി ഒഴികെയുള്ള കോളനികളിലെ വീടുകളുടെ പ്രവർത്തി തുടങ്ങുകയും നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു. എർത്ത് ഡാം കോളനിയിലെ 38 കുടുംബങ്ങൾക്ക് ഹഡ്കോ ഭവന നിർമ്മാണത്തിന് ഒന്നാം ഗഡു അനുവദിച്ച് നൽകിയിട്ടുണ്ടെങ്കിലും ടിയാളുകളുടെ നിലവിലെ വാസ യോഗ്യമല്ലാത്ത വീടുകൾ പൊളിച്ചു മാറ്റേണ്ടതായിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതുവരെ പറമ്പിക്കുളം ടൈഗർ റിസർവ്വിന്റെ നിയന്ത്രണത്തിലുള്ള പി.എ.പി ക്വാർട്ടേഴ്സ് താൽക്കാലികമായി അനുവദിച്ചു നൽകുന്നതിന് പറമ്പിക്കുളം ടൈഗർ റിസർവ്വ് ഡി.എഫ്.ഒ-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് അനുവദിക്കുന്ന മുറയ്ക്ക് ടിയാളുകളുടെ ഭവനനിർമ്മാണം ആരംഭിക്കുന്നതാണ്. |
| സി) | വീടുകളുടെ നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | പി.എ.പി ക്യാർട്രേജ്സ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.നെന്മാറ നിയോജകമണ്ഡലം എൽ.എൽ.എ പാലക്കാട് ജില്ലാ കളക്ടർ, ഡെപ്യൂട്ടി ഡയറക്ടർ പറമ്പിക്കുളം ടൈഗർ റിസർവ്വ് എന്നിവരെ വിവരം അറിയിച്ചിട്ടുണ്ട്. പി.എ.പി.ക്യാർട്രേജ്സ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ